എന്നയാളിന്റെ വീട്ടിൽ കയറി ഏറുപടക്കമെറിഞ്ഞ് അയാളുടെ ഗർഭിണിയായ മകളെ പുറത്തേയ്ക്ക് വലിച്ചിഴച്ച് കൊണ്ടുവന്ന് നാഭിക്ക് ചവിട്ടി, ചെരുപ്പൂരി മുഖത്ത് അടിക്കുകയും ചെയ്തു. അതുപോലെ വേലായുധൻ എന്ന ആളെ വടിവാൾകൊണ്ട് വെട്ടുകയും അടിക്കുകയും ചെയ്തു. ഈ രൂപത്തിൽ പട്ടികജാതിക്കാർ താമസിക്കുന്ന കോളനിയിൽ രാത്രി 9.30 ന് ആരംഭിച്ച അക്രമം വെളുപ്പാൻകാലം രണ്ടേകാൽ മണിക്ക് പോലീസ് വരുന്നതുവരെ തുടർന്നു. പോലീസ് സ്റ്റേഷനിൽ പോയി വിവരം പറയാൻപോലും കോളനിക്കാരായ പട്ടികജാതിക്കാരെ അനുവദിക്കാത്ത രൂപത്തിലാണ് അക്രമിസംഘം അവിടെ അഴിഞ്ഞാട്ടം നടത്തിയത്. പോലീസ് വാഹനം വന്നിട്ടാണ് പരിക്കുപറ്റിയ ആളുകളെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയത്. ഇങ്ങനെ അക്രമം നടന്നിട്ടുപോലും കൃത്യമായി കുറ്റവാളികളെ അറസ്റ്റു ചെയ്യുന്നതിനോ അവരുടെ പേരിൽ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനോ പോലീസിന്റെ ഭാഗത്തുനിന്നും ഒരു നീക്കവും ഉണ്ടായില്ല. പട്ടികജാതി കോളനിയിൽ അഴിഞ്ഞാട്ടം നടത്തിയ അക്രമിസംഘം മാതൃകാപരമായി ശിക്ഷിക്കപ്പെടണം. ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആയതിന് സമഗ്രമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, മലപ്പുറം ജില്ലയിൽ പുൽപ്പറ്റ പഞ്ചായത്തു തെരഞ്ഞെടുപ്പിനെത്തുടർന്ന് 30-1-2001-ൽ വിജയാഹ്ലാദ പ്രകടനം നടത്തിയ യു.ഡി.എഫ്. പ്രവർത്തകർ കോളനി നിവാസികളായ ചക്കി, ജാനകി, ബീന, ശ്രീജ എന്ന സ്ത്രീകൾക്കുനേരെ അതിക്രമം കാണിക്കുകയും രാമചന്ദ്രൻ, സോമസുന്ദരൻ എന്നിവരെ ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തു. ഗർഭവതിയായ ഷീജയെ അപമാനിച്ചു. വേലായുധന്റെ വീടിന് നാശനഷ്ടങ്ങൾ വരുത്തുകയും ടിയാനെയും മകളെയും മർദ്ദിക്കുകയും ചെയ്തു. ഈ സംഭവങ്ങളോടനുബന്ധിച്ച് മഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം 62/2001, 63/2001, 64/2001 എന്നീ നമ്പരുകളിലായി 3 കേസുകൾ രജിസ്റ്റർ ചെയ്തു. പ്രതികളായ 21 യു.ഡി.എഫ്. പ്രവർത്തകർക്ക് കോടതി ജാമ്യം അനുവദിച്ചു. ഒളിവിലുള്ള 2 പ്രതികളെ കൂടി അറസ്റ്റ് ചെയ്ത് നടപടി ത്വരിതപ്പെടുത്താൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ : ശ്രീ. ആന്റണി രാജു .....

(3) തിരുവനന്തപുരം ബാറിലെ അഭിഭാഷകൻ അഡ്വക്കേറ്റ് ജി. എൻ. കുറുപ്പിനെ മർദ്ദിച്ച സംഭവം

ശ്രീ. ആന്റണി രാജു : സർ, തിരുവനന്തപുരം-വഞ്ചിയൂർ കോടതിയിലെ മുതിർന്ന അഭിഭാഷകനായ ശ്രീ. ജി. എൻ. കുറുപ്പിനെ കഴിഞ്ഞ മാസം 24-ാം തീയതി വഞ്ചിയൂർ എസ്.ഐ. യുടെ നേതൃത്വത്തിൽ മർദ്ദിച്ച് അവശനാക്കിയ സംഭവമുണ്ടായി. ഇതിൽ അഭിഭാഷകർ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ഇതിനെത്തുടർന്ന് പോലീസ് കമ്മീഷണർ സ്ഥലത്തെത്തുകയും എസ്.ഐ.യെ സസ്പെന്റ് ചെയ്തതായി അറിയിക്കുകയും ചെയ്തു. സസ്പെൻഷൻ പ്രഖ്യാപന

LIBRARY ARCHIVES Kerala Legislative Assembly

ശേഷം സസ്പെൻഷനു വിധേയനായ എസ്.ഐ. വഞ്ചിയൂരിലെ 200-ൽപ്പരം അഭിഭാഷകരുടെ പേരിൽ കൃത്രിമമായി കള്ളക്കേസ് രജിസ്റ്റർ ചെയ്തു. നിയമപാലകൻ നിയമലംഘനം നടത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതു സംബന്ധിച്ച് ഞങ്ങൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റിനുതന്നെ അപമാനകരമായ ഈ കൃത്യം നടത്തിയ എസ്.ഐ.യുടെ പേരിൽ കർശന നടപടി കൈക്കൊള്ളുകയും അഭിഭാഷകന്റെ പേരിൽ രജിസ്റ്റർ ചെയ്ത കള്ളക്കേസ് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ...

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, 24-01-2001-ന് തിരുവനന്തപുരം കളക്ടറേറ്റിനകത്തുള്ള കാന്റീനിൽ ചായ കുടിക്കാൻ ചെന്ന വഞ്ചിയൂർ ബാറിലെ അഭിഭാഷകനായ ശ്രീ. ജി. എൻ. കുറുപ്പിനെ പോലീസുകാർ ദേഹോപദ്രവം ഏല്പിച്ചതായി പരാതി ഉണ്ടായി. കളക്ടറേറ്റ് പിക്കറ്റിംഗിനോട് അനുബന്ധിച്ച് പ്രശ്നങ്ങൾ ഉണ്ടാക്കുവാൻ ചിലർ ശ്രമിക്കുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അന്നേദിവസം രാവിലെ മുതൽ തിരുവനന്തപുരം കളക്ടറേറ്റിനു മുന്നിൽ ചില സുരക്ഷാ സന്നാഹങ്ങൾ ഏർപ്പെടുത്തിയിരുന്നു. അഭിഭാഷകന്റെ പരാതിയിന്മേൽ സിറ്റി പോലീസ് കമ്മീഷണർ പ്രാഥമികാന്വേഷണം നടത്തുകയും പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെന്നു ബോദ്ധ്യമായതിനെത്തുടർന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന എസ്.ഐ. യെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയും അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. പരാതിയെത്തുടർന്ന് എസ്.ഐ. യുടെയും ഒരു പോലീസ് കോൺസ്റ്റബിളിന്റെയും പേരിൽ കേസെടുത്ത് അന്വേഷണം നടത്തിവരുന്നു. ഈ അഭിഭാഷകനെ മർദ്ദിച്ചുവെന്നാരോപിച്ച് ഒരു സംഘം അഭിഭാഷകർ പോലീസ് സ്റ്റേഷനു മുന്നിൽ മാർഗ്ഗതടസ്സം സൃഷ്ടിച്ചു. പോലീസ് സ്റ്റേഷനു മുന്നിൽ നിയമവിരുദ്ധമായി സംഘം ചേർന്ന അഭിഭാഷകരുടെ പേരിൽ ക്രൈം 32/2001 ആയി വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് എടുത്തിട്ടുണ്ട്. .ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ശംഖുംമുഖം അസിസ്റ്റന്റ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്.

(4) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആവശ്യത്തിലേയ്ക്കായി ഏറ്റെടുത്ത ഭൂമിയുടേയും മുറിച്ചുമാറ്റിയ മരങ്ങളുടേയും വില നൽകുന്നത് സംബന്ധിച്ച്

ശ്രീ. പി. ജെ. ജോയി : സർ, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വ്യോമപഥത്തിനുവേണ്ടി കാഞ്ഞൂർ പഞ്ചായത്തിലെ തുറവുങ്കര, ചെങ്കൽ പ്രദേശത്തുള്ള 135 ഏക്കർ സ്ഥലം ഏറ്റെടുക്കുവാൻ അതിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാനും അതോടൊപ്പംതന്നെ നെടുമ്പാശ്ശേരി പഞ്ചായത്തിൽ വി.ഐ.പി. റോഡിന് ഏറ്റെടുത്ത കൂടുതൽ സ്ഥലം വിട്ടുകൊടുക്കുവാനും ബഹുമാനപ്പെട്ട മന്ത്രി എസ്. ശർമ്മയുടെയും ജില്ലാ കളക്ടറുടെയും സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം നാളിതുവരെ നടപ്പാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly